## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1358

15.06.2012-ൽ മറുപടിയ്ക്ക്

# സപ്തധാരാ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ) |
| (എ) സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി ന്യൂനപക്ഷ മതവിഭാഗത്തിലെ വനിതകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുവാനും കുടുംബശ്രീ മാതൃകയിൽ അവർക്കാവശ്യമായ തൊഴിൽ പരിശീലനവും, സാമ്പത്തിക സഹായവും ലഭ്യമാക്കുവാനും സപ്തധാരാ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ;<br><br>(ബി) അതിനായി ബജറ്റിൽ തുക നീക്കി വച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഇതുവരെ എത്ര തുക ചെലവഴിച്ചു;<br><br>(സി) ഇതുവരെ എത്ര സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചു; എന്തെല്ലാം മാനദണ്ഡങ്ങൾക്കനുസൃതമായാണ് അവ രൂപീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (എ) യും (ബി) യും (സി) യും സംസ്ഥാനത്ത് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള വനിത സ്വയം സഹായ സംഘങ്ങളിൽ എഴുപത് ശതമാനം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾ പ്രവർത്തിക്കുന്നവയിൽ നിന്നും ഫലപ്രദമായ പദ്ധതികൾ ക്ഷണിച്ച് അതിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് വേണ്ട തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും നൽകി പതിനായിരം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും വിധം അഞ്ഞൂറ് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനായുള്ള പദ്ധതി സപ്തധാരാ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനായി ഒരു കോടി രൂപ നീക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.